(സി) പോലീസിന്റെ ജോലി സമയം 8 മണിക്കൂറായി നിജപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തെ നിലവിലുണ്ടായിരുന്ന എല്ലാ പോലീസ് ഔട്ട് പോസ്റ്റുകളും പോലീസ് സ്റ്റേഷനുകളായി ഉയർത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) ഇല്ല.

റോഡ് ഗതാഗതം തടസ്സപ്പെടുത്തിയുള്ള റാലികളും സമരങ്ങളും

281 (258) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിന് മുമ്പിലും പരിസരത്തും നടത്തപ്പെടുന്ന സമരങ്ങൾ, റോഡ് ഗതാഗതം തടസ്സപ്പെടുത്തിയുള്ള റാലികൾ ഇവ മൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനങ്ങളെ ബുദ്ധിമുട്ടിക്കാത്തവിധം ഇവ ക്രമീകരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണുള്ളതെന്ന് വിശദമാക്കുമോ; ആയതു നടപ്പാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തലസ്ഥാന നഗരിയിൽ പ്രത്യേകിച്ച് സെക്രട്ടേറിയറ്റിനു മുമ്പിലും പരിസരത്തും വിവിധ സമരങ്ങൾ മൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് ഒരു ശാശ്വത പരിഹാരം കണ്ടെത്തുന്നതിനായി എല്ലാ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും 27-01-2014-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു പ്രാഥമിക ചർച്ച നടത്തുകയുണ്ടായി. ചർച്ചയിൽ പങ്കെടുത്ത മുഖ്യധാരാ രാഷ്ട്രീയ കക്ഷികളെ പ്രതിനിധാനം ചെയ്യുന്ന അംഗങ്ങൾ ടി വിഷയത്തിൽ തങ്ങളുടേതായ അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയുണ്ടായി. ഇതുസംബന്ധിച്ച് നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് തുടർ യോഗങ്ങൾ കൂടി തീരുമാനങ്ങളെടുക്കുന്നതാണെന്ന് പ്രസ്തുത യോഗത്തിൽ തീരുമാനിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly